ഉത്തരം

(എ&ബി) 18-1-1996-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ.14/96/പൊ.വി. പ്രകാരം സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും സംരക്ഷണവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ പ്രീ. കെ. ഇ. ആർ. കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ചട്ടപ്രകാരമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുപുറമെ എസ്.എസ്.എ, ശുചിത്വ മിഷൻ, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് എന്നിവയുടെ സഹായത്തോടെ വിദ്യാലയങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**അംഗീകാരമില്ലാത്ത സി.ബി.എസ്.ഇ. സ്കൂളുകൾ**

21 (3767) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് അംഗീകാരമില്ലാത്ത എത്ര സി.ബി.എസ്.ഇ. സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് വരുന്നു.

(ബി&സി) സി.ബി.എസ്.ഇ. സിലബസ് അനുസരിച്ച് പഠിപ്പിക്കുന്ന സ്വകാര്യ സ്കൂളുകൾക്ക് സി.ബി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിന് അവശ്യമായ എൻ.ഒ.സി.മാത്രമാണ് സർക്കാർ നൽകുന്നത്. ഇത്തരം സ്കൂളുകൾക്ക് അഫിലിയേഷൻ നൽകുന്നത് സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ ആണ്. സർക്കാരിന്റെ നിലവിലുള്ള നയം പ്രകാരം സിബിഎസ്.ഇ/ഐ.സി.എസ്.ഇ. അഫിലിയേഷന് സ്റ്റേറ്റ് എൻ.ഒ.സി. നൽകുന്നില്ല.

**എയ്ഡഡ്-അൺഎയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കേന്ദ്ര പദ്ധതികൾ**

22 (3768) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ്-അൺഎയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയോ കേന്ദ്ര ഗവൺമെന്റ് നേരിട്ടോ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly